## കേരളാ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമ ഉത്തരവ്

### ഹാജർ: വൈ. ശ്രീകുമാർ

വിഷയം: ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് - ജീവനക്കാര്യം - ക്ലാസ് IV ജീവനക്കാർക്കും സബോർഡിനേറ്റ് സർവീസിലെ താഴ്ന്ന ജീവനക്കാർക്കും വകുപ്പുതല തസ്തികമാറ്റം (ക്ലാർക്ക്) അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

### ഉത്തരവ് നമ്പർ ഇ1 –4521/2019/ഫാ&ബോ. തീയതി : 16/01/2020

പരാമർശം:
1. ഫാക്ടറീസ് &ബോയിലേഴ്സ് വകുപ്പിലെ ക്ലാസ് IV ജീവനക്കാരുടെ 01.06.2019 തീയതിയിലെ സമർപ്പണം
2. സ.ഉ.(പി) നം. 1/2014/ഉ.പ.ഭ.വ തീയതി 03.01.2014
3. സ.ഉ.(പി) നം. 21/2014/ഉ.പ.ഭ.വ തീയതി 19.07.2014
4. സ.ഉ.(പി) നം. 16/2015/ഉ.പ.ഭ.വ തീയതി 28.05.2015
5. സ.ഉ.(പി) നമ്പർ 19/2015 ഉ.ഭ.പ.വ തീയതി 20.06.2015
6. 31.07.2017 -ലെ 1226/ബി2/2015/തൊഴിൽ നമ്പർ സർക്കാർ കത്ത്
7. ഈ ഓഫീസിലെ 31.07.2014-ലെ ഇ1-6918/2014/F&B നമ്പർ ഉത്തരവ്

### ഉത്തരവ്

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ ക്ലാസ് IV ജീവനക്കാർക്ക് പരാമശം (2) പ്രകാരം തസ്തികമാറ്റം വഴി പ്രൊമോഷൻ അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം വകുപ്പിലെ ക്ലാസ് IV വിഭാഗം ജീവനക്കാർ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിക്കുകയുണ്ടായി. വകുപ്പിന്റെ ആകെ ക്ലാർക്ക്/ക്ലാർക്ക്-ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് തസ്തികകളിലെ കേഡർ സ്ട്രെങ്ത് 53 ആണ്. ആയതിന്റെ 10% നിയമനമാണ് ഒഴിവ് വരുന്നതിന്റെ അടിസ്ഥാനത്തിൽ നൽകാനാവുന്നത്. നിലവിൽ 4 പേർക്കാണ് നിയമനത്തിന് അർഹതയുള്ളത്. അതിൽ ഒരാളെ പരാമർശം (7) പ്രകാരം നിയമിക്കുകയുണ്ടായി. ടി നിയമനം സംബന്ധിച്ച കേസ് (Case No. O.A.(Ekm)/1905/2016) അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്. ബാക്കിയുള്ള 3 ഒഴിവുകളിൽ നിയമനം നടത്താവുന്നതാണ്. ആയതിൻ പ്രകാരം കരട് സീനിയോരിറ്റി പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന സീനിയർ ഗ്രേഡായിട്ടുള്ള 3 ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സീനിയോരിറ്റിയുടെയും താൽപര്യത്തിന്റെയും അടിസ്ഥാനത്തിൽ നിയമനം നൽകി ഉത്തരവാകുന്നു.

1. ശ്രീ. ബി. പ്രസാദ്, ഓഫീസ് അറ്റൻഡന്റ് (HG), ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഓഫീസ്, കൊല്ലം
2. ശ്രീ. എം.ജി. രതീഷ് കുമാർ, ഓഫീസ് അറ്റൻഡന്റ് (HG), ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം
3. ശ്രീ. എസ്.എൽ. രമേഷ് കുമാർ, ഓഫീസ് അറ്റൻഡന്റ് (HG), അഡീഷണൽ ഇൻസ്പെക്ടർ ഓഫീസ്, കൊച്ചി

ശ്രീ. ബി. പ്രസാദ്, ഓഫീസ് അറ്റൻഡന്റിനെ ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ തസ്തികമാറ്റം വഴി ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

ശ്രീ. എം.ജി. രതീഷ് കുമാർ, ഓഫീസ് അറ്റൻഡന്റിനെ കോഴിക്കോട് ജോയിന്റ് ഡയറക്ടർ ഓഫീസിൽ നിലവിലുള്ള ഒഴിവിൽ തസ്തികമാറ്റം വഴി ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

ശ്രീ. എസ്.എൽ. രമേഷ് കുമാർ, ഓഫീസ് അറ്റൻഡന്റിനെ തലശ്ശേരി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 ഓഫീസിൽ നിലവിലുള്ള ഒഴിവിൽ തസ്തികമാറ്റം വഴി ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

കോടതിയിൽ നിലവിലുള്ള കേസിലെ തീർപ്പിന് വിധേയമായി പൂർണ്ണമായും താൽകാലികമായിരിക്കും ടി നിയമനങ്ങൾ. മേൽപറഞ്ഞ സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ചുമതല ഏറ്റെടുത്ത ശേഷം ടി വിവരം അതാത് കൺട്രോളിംഗ് ഓഫീസർമാർ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

അണ്ടർ സെക്രട്ടറി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്:- ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്

1. സീനിയർ ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, കൊല്ലം
2. ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, എറണാകുളം/കോഴിക്കോട്
3. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2, കൊല്ലം/തലശ്ശേരി
4. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, കൊച്ചി
5. എഫ്.ഒ/ഇ2/കമ്പ്യൂട്ടർ സെക്ഷൻ/ജെ.എസ് (അക്കൗണ്ട്സ്)/എ1 സെക്ഷൻ/ സി.എ. ടു ഡിഎഫ്&ബി/കരുതൽ ഫയൽ